ലഹരി വിഴുങ്ങുന്ന കൗമാരങ്ങൾ

ഡോ. സി. മുഹമ്മദ് റാഫി
അസിസ്റ്റന്റ് പ്രൊഫസർ
അൻസാർ അറബി കോളേജ്

കോവിഡ് ലോക് ഡൗൺ കാലം. സാമൂഹ്യ മാധ്യമത്തിലൂടെ ഒരു ഒമ്പതാം ക്ലാസുകാരി അതേ ഗ്രാമത്തിലെ യുവാവിനെ പരിചയപ്പെടുന്നു. അയാളുമായി അടുപ്പം വർധിക്കുന്നു. പതിയെ അയാൾ രഹസ്യമായി എത്തിച്ചു നൽകുന്ന മാരകമായ മയക്ക്മരുന്ന് ഉപയോഗിച്ച് അതിനടിമയാകുന്നു. തുടർന്ന് ആ മയക്കുമരുന്നിന്റെ ബലത്തിൽ അയാൾ ആ കുട്ടിയെ പീഡിപ്പിക്കുന്നു. തന്റെ മയക്ക്മരുന്ന് ശൃംഖലയിൽ പെട്ട ഒട്ടേറെ പേരുമായി അവിഹിതബന്ധത്തിന് നിർബന്ധിക്കുന്നു.

കേൾക്കുമ്പോൾ അവിശ്വസനീയമെന്ന് കരുതാമെങ്കിലും കഴിഞ്ഞ ആഴ്ചയിൽ മലപ്പുറം ജില്ലയിലെ ഒരു പ്രദേശത്ത് നിന്ന് പോലീസ് പിടിച്ച കേസിന്റെ കഥയാണിത്.

മക്കൾ നമ്മുടെ കൺകുളിർമയും ഭാവി പ്രതീക്ഷയുമാണ് . മക്കൾക്ക് വേണ്ടി നാം നമ്മുടെ ജീവിതം വരെ ബലിയർപ്പിക്കാൻ തയ്യാറാണ്. മക്കളുടെ വിജയമാണ് നമ്മുടെ സന്തോഷമാകാറുള്ളത്. അതിരറ്റ വാത്സല്യത്തോടെ നമ്മുടെ കൺമുന്നിൽ വളർന്നു വരുന്ന മക്കൾ എല്ലാ പ്രതീക്ഷയും തകർത്ത് നമ്മെ വിട്ട് അകലുമ്പോൾ നമ്മുടെ മനസ്സ് എത്രമാത്രം വേദനിക്കുമെന്ന് ഓരോ രക്ഷിതാവും തിരിച്ചറിയേണ്ടതുണ്ട്.

ഒരുപാടു പ്രതീക്ഷകളോടെ വളർത്തുന്ന മക്കൾ സമൂഹത്തിലെ ഇരുണ്ട വഴികളിലൂടെ സഞ്ചരിക്കുന്നത്ഏതെങ്കിലും ഒരു രക്ഷിതാവിന് കണ്ടുനിൽക്കാനാകുമോ?.

പുതിയ കാലത്ത് നമ്മുടെ കൗമാരവും യുവത്വവും ലഹരിയുടെ കയങ്ങളിലേക്കു ആപതിക്കുന്ന സാഹചര്യങ്ങളുണ്ട്. അവരെ ഈ മഹാദുരന്തങ്ങളിൽ നിന്ന് നമുക്ക് രക്ഷിക്കാനാകണം.

തിരിച്ചറിവ്

ദുരന്തങ്ങൾ സംഭവിക്കും മുന്നേ തിരിച്ചറിവുണ്ടാവട്ടെ. ലഹരി ഉൽപന്നങ്ങൾ വില്പനായി നാട്ടിൽ

ദുരന്തങ്ങൾ ആവർത്തിക്കുന്നു. കഞ്ചാവ്, മയക്കുമരുന്ന് സംഘങ്ങൾ സ്കൂൾ കോളേജ് പരിസരങ്ങളിൽ പിടിമുറുക്കുന്നു. വിദ്യാർഥികളെ ലഹരിയുടെ വലയിൽ വീഴ്ത്താൻ പ്രത്യേക സംഘത്തെ തന്നെയാണ് സ്കൂൾ കോളേജ് പരിസരങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. കലാലയങ്ങൾ ലഹരി വിളയുന്ന ഇടങ്ങളായി മാറിയിട്ടും നമ്മൾ വേണ്ടത്ര ജാഗ്രതയും ബോധവത്കരണവും മറ്റ് മുൻകരുതലും കൈകൊള്ളാത്തത് ദുരന്തങ്ങൾക്ക് ആക്കം കൂട്ടുന്നു.

അനിയന്ത്രിതമായ കൂട്ടുകെട്ട്, രക്ഷാകർത്താക്കളുടെ നിയന്ത്രണമില്ലായ്മ, മതവിദ്യഭ്യാസത്തിന്റെ അഭാവം, ആവശ്യത്തിലേറെയുള്ള പണം, ഉത്തരവാദിത്വമില്ലായ്മ എന്നിവയൊക്കെയാണ് പുതുതലമുറയിലെ ദുശ്ശീലങ്ങൾക്ക് കാരണമെന്ന വസ്തുത രക്ഷിതാക്കൾ ഓർത്തിരിക്കേണ്ടതുണ്ട്.

കുട്ടികളെയും യുവാക്കളെയും ലക്ഷ്യം വച്ച് മാരക ലഹരിക്കടിമപ്പെടുത്തുക എന്നതാണ് ലഹരി മാഫിയകളുടെ തന്ത്രം.. കളിസ്ഥലങ്ങൾ, തിയേറ്ററുകൾ, ഒഴിഞ്ഞ പറമ്പുകൾ, ബീച്ചുകൾ തുടങ്ങിയ ഇടങ്ങളാണ് പലപ്പോഴും ഇവരുടെ വിതരണ കേന്ദ്രം.

അക്രമ വാസന വളർത്തുന്ന ലഹരി ഉപയോഗം

വിദ്യാർഥികളിലെ മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ അവരെ പല തെറ്റുകളിലേക്കും നയിക്കുന്നു. ഇത് കുട്ടികളിൽ അക്രമവാസന സൃഷ്ടിക്കുന്നതായി പൊലീസ് പറയുന്നു. കുട്ടികൾ ഉൾപ്പെട്ട മോഷണങ്ങളും അടിപിടികളുമായി ഒട്ടേറെ പരാതികളാണു സംസ്ഥാനത്തെ വിവിധ പൊലീസ് സ്റ്റേഷനുകളിലെത്തുന്നത്.

ഇതര സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന കുട്ടികളെ ലഹരിയുടെ ഉപയോഗം കാര്യമായി സാധീനിക്കുന്നുണ്ട്. ഇത്തരം ഉൽപന്നങ്ങൾ വാങ്ങുന്നതിനായി കുട്ടികൾ മോഷണമടക്കമുള്ള തിന്മകളിൽ പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്.

പെൺകുട്ടികളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ ഒട്ടും പുറകിലല്ല എന്നത് നമ്മെ ഞെട്ടിപ്പിക്കേണ്ടതുണ്ട്.

പണം കണ്ടെത്താൻ മാർഗങ്ങളേറെ...

വീട്ടിൽ നിന്നു പണം കിട്ടിയില്ലെങ്കിൽ ലഹരി വാങ്ങാൻ ഏതു മാർഗവും അവർ സ്വീകരിക്കും. ലഹരി കാരിയർമാരാകുകയാണ് ഒന്ന്. പ്രകൃതിവിരുദ്ധ പീഡനത്തിനു നിന്നുകൊടുത്ത് പണമുണ്ടാക്കാനും ചില കുട്ടികൾ ശ്രമിക്കുന്നുണ്ടത്രേ.

ചൈൽഡ് ലൈനിൽ അന്വേഷിച്ചപ്പോൾ ലഹരിക്കു വേണ്ടി പ്രകൃതിവിരുദ്ധ പീഡനം സഹിക്കുന്ന ഒട്ടേറെ വിദ്യാർഥികളുണ്ടെന്നു മനസ്സിലായി. 90% ബാലപീഡനക്കേസുകളിലും മദ്യവും കഞ്ചാവും ഉൾപ്പെടെയുള്ള ലഹരി പ്രധാന പ്രതിയാണ്.

കുടുംബകലഹം പ്രധാന വില്ലൻ !

പലപ്പോഴും കുടുംബ ബന്ധങ്ങളിലെ തകർച്ചയും വീട്ടിലെ അന്തരീക്ഷവുമാണ് കൃത്രിമമായ ആനന്ദ പരിസരങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നതിലെ പ്രധാന ഘടകം.

> മാതാപിതാക്കൾ അറിയേണ്ടതില്ലാത്ത ഒരു സ്വകാര്യതയും മക്കളുടെ ജീവിതത്തിൽ ഇല്ലെന്നു ഓർക്കുക. മക്കളുടെ നല്ല സുഹൃത്ത് ആകാൻ ശ്രമിക്കണം. സ്കൂളിലെയും സുഹൃത്തുക്കളുടെയും വിശേഷങ്ങൾ ചോദിച്ചറിയുക. ദിവസവും ഒരു നേരമെങ്കിലും കുട്ടികളുടെ കൂടെ ഭക്ഷണം കഴിക്കാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും സമയം കണ്ടെത്തുക. ഓഫിസിലേയും മറ്റും വിശേഷങ്ങൾ അവരോടും പങ്ക് വയ്ക്കാം. സ്കൂളിൽ മാസത്തിൽ ഒരു തവണയെങ്കിലുമെത്തി അധ്യാപകരോട് കുട്ടിയെക്കുറിച്ച് അന്വേഷിക്കുക. അധ്യാപകന്റെ മൊബൈൽ നമ്പർ ശേഖരിച്ച് വിളിച്ചും അന്വേഷിക്കാം.

ഇത് ചെറുക്കാൻ നാം നിരന്തരം കുട്ടിയോടു സംസാരിക്കണം. അവന്റെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും വീട്ടിലെ സാഹചര്യം അവനെ പറഞ്ഞു മനസിലാക്കുകയും ചെയ്യണം. കുട്ടികളോടു സംസാരിക്കാതിരിക്കുന്നതും അവർക്കു പറയാൻ അവസരം നൽകാതിരിക്കുന്നതും അവരെ മാനസികമായി മാതാപിതാക്കളിൽ നിന്ന് അകറ്റും

വീട്ടിൽ മാതാപിതാക്കൾ തമ്മിലുള്ള സംഭാഷണം കുറയുന്നതു വരെ കുട്ടികളെ ബാധിക്കുമെന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. മാതാപിതാക്കൾ തമ്മിലുള്ള കലഹവും ഇവരിലാരുടെയെങ്കിലും വഴിപിഴച്ച ജീവിതവും കുട്ടികളെ ലഹരിയിലേക്കും മറ്റ് അനാവശ്യ കൂട്ടുകെട്ടിലേക്കും തള്ളിവിടും.

ലഹരി ഉപയോഗം: ആദ്യഘട്ട ലക്ഷണങ്ങൾ

- അലക്ഷ്യമായ വസ്ത്രധാരണം, അന്തർമുഖത്വം, കണ്ണിൽ ചുവപ്പുനിറം.
- ചെറിയ കാര്യങ്ങളിലും പ്രകോപിതനായി വഴക്കുണ്ടാക്കുക, രാത്രി പുറത്തിറങ്ങാനുള്ള പ്രവണത, ഭക്ഷണത്തോടു താൽപര്യക്കുറവ്.
- ആരോടും അധികം സംസാരിക്കാതെ മുറി അടച്ചിട്ടിരിക്കുക,
- പെട്ടെന്നു ദേഷ്യം വരിക, മറ്റുള്ളവരെ ശാരീരികമായി വേദനിപ്പിക്കാനുള്ള മനസ്സ്

ദീർഘകാലം കഴിയുന്നതോടെ ഓർമക്കുറവ്, ചുണ്ടിനു വരൾച്ച, ആകാംക്ഷ, ഉയർന്ന ഹൃദയമിടിപ്പ്, അമിത ആർത്തി എന്നിവ പ്രകടമാകും.

തുടക്കത്തിൽ തന്നെ കണ്ടെത്തിയാൽ കൗൺസലിങ് മുഖേന ജീവിതത്തിലേക്കു തിരികെയെത്തിക്കാം.

ഇവിടെയാണ് അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്ക്. ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഉണ്ടാകും. ഈ ഘട്ടത്തിൽ ലഹരിമുക്ത ചികിൽസ മാത്രമാണു

പ്രതിവിധി. കുട്ടികളെ നിരന്തരം നിരീക്ഷിച്ചു മാറ്റങ്ങൾ തിരിച്ചറിയേണ്ട പ്രാധാന്യം ഇവിടെയാണ്.

മാതാപിതാക്കൾക്കും പങ്ക്

കുട്ടികൾക്ക് അനാവശ്യമായി പണം നൽകരുത്. മറ്റെവിടുന്നെങ്കിലും പണം ലഭിക്കുണ്ടോയെന്നു അന്വേഷിക്കണം. മൊബൈൽ ഫോൺ, ലാപ്ടോപ് തുടങ്ങി വിലപ്പിടിപ്പുള്ള വസ്തുക്കൾ വീട്ടിൽ കൊണ്ടു വന്നാൽ എവിടെ നിന്നാണെന്നു അന്വേഷിക്കുക. മക്കളുടെ മുറി, ബാഗ്, യൂണിഫോം എന്നിവ പരിശോധിക്കുക.

മാതാപിതാക്കൾ അറിയേണ്ടതില്ലാത്ത ഒരു സ്വകാര്യതയും മക്കളുടെ ജീവിതത്തിൽ ഇല്ലെന്നു ഓർക്കുക. മക്കളുടെ നല്ല സുഹൃത്ത് ആകാൻ ശ്രമിക്കണം. സ്കൂളിലെയും സുഹൃത്തുക്കളുടെയും വിശേഷങ്ങൾ ചോദിച്ചറിയുക. ദിവസവും ഒരു നേരമെങ്കിലും കുട്ടികളുടെ കൂടെ ഭക്ഷണം കഴിക്കാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും സമയം കണ്ടെത്തുക. ഓഫിസിലേയും മറ്റും വിശേഷങ്ങൾ അവരോടും പങ്ക് വയ്ക്കാം. സ്കൂളിൽ മാസത്തിൽ ഒരു തവണയെങ്കിലുമെത്തി അധ്യാപകരോട് കുട്ടിയെക്കുറിച്ച് അന്വേഷിക്കുക. അധ്യാപകന്റെ മൊബൈൽ നമ്പർ ശേഖരിച്ച് വിളിച്ചും അന്വേഷിക്കാം.

കുട്ടിയുടെ കൂട്ടുകാരുടെ രക്ഷിതാക്കളെയും പരിചയപ്പെടാം. പക്ഷേ അച്ഛനും അമ്മയ്ക്കും തന്നെ വിശ്വാസമില്ലെന്ന തോന്നൽ അവനിലുണ്ടാക്കുന്ന രീതിയിലാകരുത് പ്രവൃത്തി. അസ്വഭാവികമായ പെരുമാറ്റം ശ്രദ്ധയിൽപ്പെട്ടാൽ കൗൺസിലറുടെ സഹായം തേടണം. കുട്ടികൾക്കു മുന്നിൽ മദ്യപിച്ചെത്തുകയോ ലഹരി ഉപയോഗിക്കുകയോ ചെയ്യരുത്. അവർ അതു അനുകരിച്ച് തുടങ്ങും.

സൂക്ഷിക്കുക, ഈ ലഹരി മരണത്തിലേക്കുള്ള വഴി

ശരീരത്തിലെ മുഴുവൻ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന തലച്ചോറിനെ മരണത്തിനു വിട്ടു കൊടുക്കുകയും ജീവിതത്തെ സ്വയം നാശത്തിലേക്കു തള്ളി വിടുകയുമാണു ലഹരിയുമായുള്ള കൂട്ടു സമ്മാനിക്കുന്നത്.

ലഹരിയുടെ ദോഷങ്ങളിൽ ചിലത്:

1. ഹൈപോതലാമസിനെ ബാധിക്കുമെന്നതിനാൽ ഓർമ, ചിന്ത, സ്വബോധം എന്നിവ നഷ്ടമാകുന്നു. അടുത്തു നടന്ന സംഭവങ്ങൾ പോലും മറന്നുപോകുന്നു.
2. ബ്രെയിൻ സ്റ്റെം തകരാറിലാക്കുന്നതിനാൽ ഹൃദയമിടിപ്പ് കൂടുന്നു, രക്തസമ്മർദം കുറയുന്നു. വേദന അറിയാനുള്ള കഴിവ് നഷ്ടമാകുന്നു. പേശികൾ ചലിപ്പിക്കുന്നത് വികലമാകുന്നു.
3. സെറിബല്ലത്തെ ബാധിക്കുന്നതിനാൽ പേശികളുടെ ചലനം നഷ്ടമാകുന്നു
4. കടുത്ത ആകാംക്ഷ, ഭയം, സംശയം, ശ്രദ്ധയില്ലായ്മ എന്നിവയ്ക്കു അടിമപ്പെടുന്നു
5. കായിക, കലാ, പഠന കഴിവുകൾ നഷ്ടമാകുന്നു.
6. പെരുമാറ്റത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം, ദേഷ്യം, വിശപ്പില്ലായ്മ, ഉറക്കക്കുറവ്, പരീക്ഷയിൽ നന്നേ മാർക്കു കുറയുക, പഠനത്തിൽ ശ്രദ്ധയില്ലായ്മ എന്നിവയെല്ലാം ലഹരി ഉപയോഗിക്കുന്ന കുട്ടികളിൽ കണ്ടുവരുന്നു.
7. ലഹരിമരുന്നു കുത്തിവയ്ക്കുന്നതിലൂടെ വൈറസ് ബാധിതർ ഉപയോഗിക്കുന്ന സിറിഞ്ചിൽ നിന്ന് എച്ച്ഐവി, ഹെപ്പറ്റൈറ്റിസ് എന്നിവ പകരാനുള്ള സാധ്യത കൂടുതലാണ്.

അധ്യാപകർ കുട്ടികളെ നിരീക്ഷിക്കണം

- പെട്ടെന്നു പഠനത്തിൽ പിന്നാക്കം പോകുന്ന കുട്ടികളെ നിരീക്ഷിക്കുക
- സ്ഥിരമായി ക്ലാസിലെത്താതിരിക്കുക, വൈകി വരിക, നേരത്തെ പോകുക എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ മാതാപിതാക്കളെ അറിയിക്കുന്നതിനൊപ്പം കുട്ടിയെ നിരീക്ഷിക്കുകയും ചെയ്യുക
- സ്കൂളിൽ ലഹരി വിമുക്ത ക്ലബുകൾ രൂപീകരിക്കുക. സ്കൂളിനു സമീപം പുകയില ഉൽപന്നങ്ങളോ മറ്റോ വിൽപന നടക്കുന്നുവെന്നറിഞ്ഞാൽ പൊലീസിനെ അറിയിക്കുക
- ക്ലാസിൽ കിടന്നുറങ്ങിയും ഒട്ടും ശ്രദ്ധയില്ലാതെയും ഇരിക്കുന്ന വിദ്യാർഥികളെ നിരീക്ഷിക്കുക. അവരുടെ കൂട്ടുകാരിൽ നിന്നു കാര്യങ്ങൾ മനസിലാക്കുക
- കുട്ടികൾ ഒപ്പമുള്ളവരെ ദേഹോപദ്രവം ചെയ്യുന്നുണ്ടെങ്കിൽ ശ്രദ്ധവേണം
- പെരുമാറ്റത്തിൽ അസ്വഭാവികത കണ്ടെത്തിയാൽ കൗൺസിലിങ്ങിനു വിധേയമാക്കുക.

നിങ്ങളുടെ തലച്ചോറിൽ ഭ്രാന്തിന്റെ വിത്തുകൾ വിതച്ച് കോടികൾ കൊയ്യുന്ന ലഹരി മാഫിയകൾക്ക് ഇരയായും അടിമയായും ജീവിക്കേണ്ടി വരുന്ന ഗതികേടും ദുർവിധിയും ഓർത്തു നോക്കൂ.. അതിനേക്കാൾ എത്രയോ നല്ലതല്ലേ കുടുംബ ബന്ധത്തിന്റെ സൂര്യ വെളിച്ചത്തിൽ സന്തോഷകരമായും സമാധാനപരമായും അസ്വസ്ഥതകൾ ഒട്ടുമില്ലാതെ സൗഹാർദ്ദത്തോടെ ജീവിക്കാനാവുന്നത്.

താളഭംഗത്തോടെ ക്രമം തെറ്റി ജീവിക്കുകയല്ല വേണ്ടത്, താളാത്മകമായി ക്രമാനുസൃതം ജീവിക്കുമ്പോഴാണ് അത് അർത്ഥവത്താകുന്നതും ക്രിയാത്മകമാവുന്നതും എന്നോർക്കുക.

അതു പൊലെ ഏതൊരു മത വിശ്വാസിയാണെങ്കിലും നമ്മുടെ മതം ധാർമ്മികതയെയാണ് പ്രസരിപ്പിക്കുന്നത് അധാർമ്മികമോ അക്രമമോ അല്ല അവയെ പിൻപറ്റാനും, മക്കളെ ദൈവാനുഗ്രങ്ങളെ കുറിച്ച് നിരന്തരം ഓർമിപ്പിക്കലും ജീവിത വിജയത്തിന് അനിവാര്യമാണ്.

'ലഹരിയെ മാറ്റി നിർത്താം
ജീവിതം ആസ്വദിക്കാം'